**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 395** **08-08-2023 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാട്ടർ ടാങ്ക്, വാട്ടർ ട്രീറ്റ്മെന്റ് പ്ലാൻറ് എന്നിവ സ്ഥാപിക്കുന്നതിനായി വനം വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും, ദേവസ്വത്തിന്റെയും കൈവശമുള്ള ഭൂമിയിൽ അനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. സ്വകാര്യ ഭൂമി വാങ്ങുന്നതിൽ ഭൂമിയുടെ ഫെയർ വാല്യൂ പ്രകാരമുള്ള തുകയ്ക്ക് ഭൂമി ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് റോഡ് പൊളിക്കുന്നതിന് പ്രസ്തുത വകുപ്പിൽ നിന്നും അനുവാദം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് റോഡുകൾ പൂർവ്വസ്ഥിതിയിലാക്കി നിർമ്മിക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾ അനുമതി നൽകുന്നില്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് റോഡ് മുറിക്കുന്നതിനുള്ള അനുവാദത്തിനായി സുഗമ പോർട്ടൽ മുഖേന വാട്ടർ അതോറിറ്റി അധികൃതർ അപേക്ഷ സമർപ്പിക്കുന്നതിനന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തി സുഗമ പോർട്ടൽ മുഖേന ഡിമാൻഡ് നോട്ടീസ് നൽകുന്നുണ്ടെങ്കിലും റിസ്റ്റോറേഷൻ തുക അടവാക്കുന്നതിനു വാട്ടർ അതോറിറ്റി വൈകുന്നത് കാരണമാണ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കി നിർമ്മിക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾ അനുമതി നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നത് |
| (സി) | തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള റോഡുകൾ പുനരുദ്ധരിക്കാൻ പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | റിസ്റ്റോറേഷൻ വ്യവസ്ഥകളും, ഓരോ പ്രവർത്തിക്ക് അനുസരിച്ചുമുള്ള എസ്റ്റിമേറ്റുകളും ഉൾക്കൊള്ളിക്കാതെയാണ് ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് റോഡ് മുറിക്കുന്നതിനുള്ള അനുവാദത്തിനായി സുഗമ പോർട്ടൽ മുഖേന കേരള |

| | | | |
|---|---|---|---|
| | | | വാട്ടർ അതോറിറ്റി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത് എന്നതിനാൽ പ്രസ്തുത അപേക്ഷകൾ വാട്ടർ അതോറിറ്റിക്ക് തിരികെ അയച്ചിട്ടുള്ളതാണ്. എൻജിനീയറിങ് വിഭാഗം പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ചതിന് ശേഷം പഞ്ചായത്ത് കമ്മിറ്റി അനുമതി ലഭ്യമാക്കുന്നതാണ്. |
| (ഡി) | ജലജീവൻ പദ്ധതികൾ പഞ്ചായത്തുകളിൽ പൂർണ്ണമായും നടപ്പിലാക്കുന്നതിനായി ജലവിഭവ വകുപ്പുമായി ചേർന്ന് പുതിയ പദ്ധതികൾ രൂപീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ജലജീവൻ പദ്ധതികൾ പഞ്ചായത്തുകളിൽ പൂർണ്ണമായും നടപ്പിലാക്കുന്നതിന് ജല വിഭവ വകുപ്പുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ